**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2818** **10-03-2025 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ പദ്ധതി പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക സമുദായക്ഷേമ വകുപ്പിന് കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്നും ഓരോന്നിന്റെ തുക, നിലവിലെ സ്ഥിതി എന്നിവ അറിയിക്കാമോ? | (എ) | നിലവിലെ സർക്കാരിന്റെ കാലത്ത് പട്ടികജാതി വികസന വകുപ്പിന് കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ, ഓരോന്നിന്റെ തുക, നിലവിലെ സ്ഥിതി എന്നിവ **അനുബന്ധം - I** ആയും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ അനുവദിച്ച പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം - II** ആയും ചേർക്കുന്നു.<br><br>പിന്നാക്കവിഭാഗവികസന വകുപ്പ് മുഖേന പയ്യന്നൂർ മണ്ഡലം കേന്ദ്രീകരിച്ച് പ്രത്യേക പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കി വരുന്നില്ല . |

സെക്ഷൻ ഓഫീസർ

## അനുബന്ധം (1)

**(എ)** പയ്യന്നൂർ മണ്ഡലത്തിൽ നിലവിലെ സർക്കാരിന്റെ കാലത്ത് അനുവദിച്ച അംബേദ്കർ ഗ്രാമം പദ്ധതികളുടെ തുക. നിലവിലെ സ്ഥിതി എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | നഗറിന്റെ പേര് | വർഷം | തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കൊരമ്പക്കല്ല് | 2021 - 2022 | 9938259 | പ്രവൃത്തി പുരോഗമിക്കുന്നു |
| 2 | മേനോൻകുന്ന് | 2021 - 2022 | 9862012 | പ്രവൃത്തി പുരോഗമിക്കുന്നു |
| 3 | വാടിപ്പുറം | 2023 -*2024 | 10000000 | പ്രാരംഭ യോഗം നടന്നു. |

പയ്യന്നൂർ മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പദ്ധതികൾ, തുക, നിലവിലെ സ്ഥിതി എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ. നം | പദ്ധതിയുടെ പേര് | വർഷം | തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ശ്രീമതി. ചെറുകിണിയൻ ശാന്ത എന്നവർക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2021 -22 | 109000 | പൂർത്തിയായി |
| 2 | പെരുമ്പ വള്ളുവ അംബേദ്കർ നഗർ - പോസ്റ്റ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി. | 2022 - 23 | 114172 | പൂർത്തിയായി |
| 3 | പുഞ്ചക്കാട് നഗർ കുടിവെള്ള പദ്ധതി. | 2022 - 23 | 338431 | പൂർത്തിയായി |
| 4 | ശ്രീമതി.രോഹിണി. ടി.പി. എന്നവരുടെ വീടിന്റെ അപകടാവസ്ഥ മാറ്റുന്നതിന് (വൈദ്യുത കേബിൾ ഉപയോഗിച്ച് ഇൻസുലേറ്റ് ചെയ്യൽ) | 2023 - 24 | 41901 | തുക KSEBക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു |
| 5 | കാരന്താട് നഗർ റോഡ് നിർമ്മാണം. | 2024 -2025 | 1400000 | ആരംഭിച്ചിട്ടില്ല |

# അനുബന്ധം (2)

**2020-21** അംബേദ്ക്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം അനുവദിച്ചത്.

| നഗർ | നിയോജക മണ്ഡലം | പഞ്ചായത്ത് | തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| കക്കറ | പയ്യന്നൂർ | ചിറ്റാരിപ്പറമ്പ | 1 കോടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് | നിർമ്മിതി കേന്ദ്ര പിൻമാറിയ സാഹചര്യത്തിൽ ഊരുകൂട്ടം ചേർന്ന് നിർവ്വഹണ ഏജൻസിയെ തെരഞ്ഞടുക്കുകയും ബന്ധപ്പെട്ട പഞ്ചായത്തിനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തുകൊണ്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഉത്തരവായിട്ടുണ്ട്. ഡി.പി.ആർ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. |
| വങ്ങാട് – വാച്ചാൽ | പയ്യന്നൂർ | പെരിങ്ങോം വയക്കര | | നിർമ്മിതി കേന്ദ്ര പിൻമാറിയ സാഹചര്യത്തിൽ ഊരുകൂട്ടം ചേർന്ന് നിർവ്വഹണ ഏജൻസിയെ തെരഞ്ഞടുക്കുകയും ബന്ധപ്പെട്ട പഞ്ചായത്തിനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തുകൊണ്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഉത്തരവായിട്ടുണ്ട്. ഡി.പി.ആർ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. |

**2022-23**

| നഗർ | നിയോജക മണ്ഡലം | പഞ്ചായത്ത് | നിലവിലെ സ്ഥിതി |
|---|---|---|---|
| കണ്ടേരി നഗർ | പയ്യന്നൂർ | ചെറുപ്പുഴ | ഊരുകൂട്ടം ചേർന്ന് നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുകയും, ബന്ധപ്പെട്ട പഞ്ചായത്തിനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തു കൊണ്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഉത്തരവായിട്ടുണ്ട്. ഡി.പി.ആർ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. |

## 2024-25 വർഷം കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി നടപ്പിലാക്കിയത്

| പദ്ധതിയുടെ പേര് | നിയോജക മണ്ഡലം | തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| ചെറുപുഴ ഗ്രാമ പഞ്ചായത്തിലെ കാനംവയൽ നഗറിലെ സാംസ്കാരിക നിലയത്തിലെ പ്രവൃത്തി പൂർത്തീകരിക്കുന്നത്. | പയ്യന്നൂർ | 15,24,000 /- | ചെറുപുഴ ഗ്രാമ പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു. |